**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് -സ്വയംഭരണ കോളേജുകൾ-പ്രിൻസിപ്പാൾമാർക്ക് അദ്ധ്യാപനത്തിൽ നിന്നും ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്**

**സ.ഉ. (കൈയ്യെഴുത്ത്) നം: 591/2015/ഉവിവ. തീയതി, തിരുവനന്തപുരം, 18.09.2015**

---

പരാമർശം:-1.സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട് 2014.

2.പ്രിൻസിപ്പാൾ, സെന്റ് ബെർക്ക്മാൻസ് കോളേജ്,ചങ്ങനാശ്ശേരി 29.04.2014 ൽ സമർപ്പിച്ച അപേക്ഷ

3.കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 03.07.2014 ലെ ഡി 5/17135/2014/കോ.വി.വ നമ്പർ കത്ത്.

4.സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയുടെ 14.07.2014 ലെ 51/KSHEC/Govt./2014 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സ്വയംഭരണാവകാശം ലഭിച്ച എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പാൾമാർക്ക് കൂടുതൽ ഭരണപരമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കേണ്ടി വരുമെന്നതിനാൽ നിലവിൽ പ്രതിവാരം മൂന്ന് മുതൽ അഞ്ച് മണിക്കൂർ വരെ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർ ക്ലാസ് റൂം കൈകാര്യം ചെയ്യണമെന്ന വ്യവസ്ഥ ഒഴിവാക്കണമെന്ന് കാണിച്ച് പരാമർശം (2) പ്രകാരം ചങ്ങനാശ്ശേരി എസ്.ബി.കോളേജ് പ്രിൻസിപ്പാൾ റവ.ഡോ.ടോമി ജോസഫ് അപേക്ഷ സമർപ്പിച്ചിരുന്നു.പ്രസ്തുത വിഷയത്തിൽ പരാമർശം (3) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, യൂണിവേഴ്സിറ്റി വർക്ക് ലോഡ് അനുസരിച്ച് പ്രിൻസിപ്പാൾമാർക്ക് മൂന്ന് മുതൽ അഞ്ച് മണിക്കൂർ വരെ അദ്ധ്യാപനത്തിൽ ഏർപ്പെടേണ്ടതായിട്ടുള്ളതായും സ്വയംഭരണ കോളേജുകളെ സംബന്ധിച്ചും അവരുടെ ജോലിഭാരം ഉൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ചും നയപരമായ തീരുമാനമാണ് ആവശ്യമെന്നും അറിയിച്ചിരുന്നു.സ്വയംഭരണ കോളേജുകളിലെ പ്രിൻസിപ്പാൾമാരുടെ ഭരണപരമായ ഉത്തരവാദിത്വങ്ങൾ വർദ്ധിക്കുമെന്നതിനാൽ അവർക്ക് അദ്ധ്യാപനത്തിൽ നിന്നും ഇളവ് അനുവദിക്കാവുന്നതാണെന്ന് പരാമർശം(4) പ്രകാരം സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.സർവ്വകലാശാലയിലെ അക്കാദമിക് കൗൺസിൽ / ബോർഡ് ഓഫ് സ്റ്റഡീസ്, സ്വയംഭരണ അംഗീകാര സമിതി എന്നിവരുമായുള്ള സ്വയംഭരണ കോളേജിന്റെ കത്തിടപാടുകൾ,കോളേജിലെ അക്കാദമിക് കൗൺസിലിന്റെ ചെയർമാൻ സ്ഥാനവും വർഷത്തിൽ ഏറ്റവും കുറഞ്ഞത് ഒരു തവണയെങ്കിലും അക്കാദമിക് കൗൺസിൽ വിളിച്ചു ചേർക്കേണ്ട ചുമതല,കോളേജിലെ വിവിധ വകുപ്പുകളുടെ ബോർഡ് ഓഫ് സ്റ്റഡീസ് യോഗത്തിനുള്ള സമയപ്പട്ടിക തയ്യാറാക്കുക, ആവശ്യമെങ്കിൽ രണ്ടോ അതിലധികമോ

ബോർഡ് ഓഫ് സ്റ്റഡീസിന്റെ സംയുക്ത യോഗം വിളിക്കുക,കോളേജിലെ ഗവേണിംഗ് കൗൺസിലിന്റെ സെക്രട്ടറി സ്ഥാനം എന്നീ പ്രധാന ചുമതലകൾ കൂടി സ്വയംഭരണാവകാശം ലഭിച്ച കോളേജുകളിലെ പ്രിൻസിപ്പാൾ നിർവ്വഹിക്കേണ്ടി വരുമെന്നതിനാൽ, സ്വയംഭരണാവകാശം ലഭിച്ച കോളേജുകളിലെ പ്രിൻസിപ്പാൾമാർക്ക് മാത്രമായി അദ്ധ്യാപനത്തിൽ നിന്ന് ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രൻസിപ്പാൾ പഠിപ്പിക്കേണ്ട വിഷയങ്ങൾ കൈകാര്യം ചെയുന്നതിന് ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഫിന്നി സഖറിയ
ഗവ:അഡീഷണൽ സെക്രട്ടറി

സ്വീകർത്താവ്

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ,തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്,
കൊല്ലം/കോട്ടയം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്.
രജിസ്ട്രാർ, കേരള/മഹാത്മാ ഗാന്ധി/കാലിക്കറ്റ് സർവ്വകലാശാല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (21.08.2015 ലെ 43053/എഡ്യൂ.ബി3/2015/ധന. നമ്പർ പ്രകാരം)
ഉന്നത വിദ്യാഭ്യാസ (ഡി)/(എഫ്) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ